പതിമൂന്നാം കേരള നിയമ സഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമ സഭാ ചോദ്യം നമ്പർ 1174 21-03-2013 -ലെ മറുപടിക്ക്

## കാർഷിക വായ്പകൾക്ക് മൊറട്ടോറിയം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ. പി.എ.മാധവൻ<br>ശ്രീ. കെ.മുരളീധരൻ | | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്തെ വരൾച്ച ബാധിതമായി പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കമോ; | എ) | തിരുവനന്തപുരം, കൊല്ലം, ഇടുക്കി, വയനാട് ജില്ലകളെ 2012 സെപ്റ്റംബർ 13-ന് വരൾച്ച ബാധിതമായി പ്രഖ്യാപിച്ചു. ഇതിനെത്തുടർന്ന് വരൾച്ച സംബന്ധിച്ച് കേന്ദ്ര സർക്കാരിന് മെമ്മോറാണ്ടം സമർപ്പിക്കുകയും കേന്ദ്ര സംഘം സംസ്ഥാനത്തെ വരൾച്ച ബാധിത പ്രദേശങ്ങൾ സന്ദർശിക്കുകയുമുണ്ടായി. ഒക്ടോബർ 31-ന് 1995 കോടി രൂപയുടെ കേന്ദ്ര സഹായ അഭ്യർത്ഥന സംസ്ഥാനം സമർപ്പിച്ചു. തുലാവർഷത്തിന്റെ ലഭ്യതയിൽ കുറവ് വന്നതിനെ തുടർന്ന് 2012 ഡിസംബർ 19-ന് സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി യോഗം ചേർന്ന് മഴയുടെ തോത്, കുടിവെള്ള ലഭ്യത, ഭൂഗർഭ ജലത്തിന്റെ വിതാനം, അവശ്യ വസ്തുക്കളുടെ വിലക്കയറ്റം എന്നിവ വിലയിരുത്തി. സംസ്ഥാനം മൊത്തത്തിൽ വരൾച്ചാ ബാധിതമായി പ്രഖ്യാപിക്കാൻ തീരുമാനിക്കുകയും അതനുസരിച്ച് 31.12.2012-ൽ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. |
| ബി) | വരൾച്ച നേരിടുവാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | ബി) | വരൾച്ച നേരിടുന്നതിന് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ നിന്നും 85 കോടി രൂപ അനുവദിച്ചിട്ടുണ്ട്. വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് വേണ്ടി അധിക സാമ്പത്തിക സഹായത്തിനായി കേന്ദ്രത്തിന് 31.10.2012-ൽ നാല് ജില്ലകൾക്കായി 1995 കോടി രൂപയുടേയും 2013 ഫെബ്രുവരിയിൽ 7888.0965 കോടി രൂപയുടേയും മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ട്. ഇതിനു പുറമെ 3936.81 കോടി |

| | | | |
|---|---|---|---|
| | | | രൂപയുടെ പ്രത്യേക പാക്കേജ് അനുവദിക്കാൻ പ്രധാനമന്ത്രിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| സി) | കർഷകർക്ക് എന്തെല്ലാം ആശ്വാസങ്ങളാണ് ഇതുവഴി നൽകാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ; | സി) | വരൾച്ച മൂലം കൃഷി നാശം സംഭവിച്ച കർഷകർക്ക് സാമ്പത്തിക നഷ്ടം നികത്തുന്നതിനായി വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരവും, പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി പ്രകാരവും സാമ്പത്തിക സഹായം നൽകുന്നതിനുള്ള നടപടികൾ കൃഷി വകുപ്പ് സ്വീകരിച്ചു വരുന്നു. |
| ഡി) | കാർഷിക വായ്പകൾക്ക് എതിരെയുള്ള റവന്യൂ റിക്കവറി കേസ്സുകൾ, ജപ്തികൾ എന്നിവ നിർത്തി വയ്ക്കുന്ന കാര്യം പരിഗണിക്കുമോ? | ഡി) | കാർഷിക വായ്പകളിന്മേൽ ഉള്ള റവന്യൂ റിക്കവറി നടപടികൾക്ക് ഒരു വർഷത്തേയ്ക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ